**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - താനൂർ നഗരസഭയിൽ ജീവനക്കാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 524/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

പരാമർശം : 1. താനൂർ നഗരസഭ സെക്രട്ടറിയുടെ 08.06.2018 തീയതിയിലെ ജി1-5111/18 നമ്പർ കത്ത്.

2. നഗരകാര്യഡയറക്ടറുടെ 24.01.2019 തീയതിയിലെ ഇ 7-17179/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

താനൂർ നഗരസഭയിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിന് 3 ജീവനക്കാരെ 4 മാസത്തേക്ക് നിയമിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനും ടി ജീവനക്കാരുടെ കാലാവധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനും അനുമതിയ്ക്കായി നഗരസഭാസെക്രട്ടറി സമർപ്പിച്ച അപേക്ഷ ആയത് സംബന്ധിച്ച കൗൺസിൽ തീരുമാനം സഹിതം ആയതിന് അനുമതി നൽകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തു നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താനൂർ നഗരസഭയിൽ നികുതി പരിഷ്കരണ ജോലികൾക്കായി മൂന്നു ജീവനക്കാരെ നാലു മാസത്തേയ്ക്ക് നിയമിച്ച നടപടി സാധൂകരിച്ചും ടി ജീവനക്കാരുടെ സേവനം മൂന്നുമാസത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മുൻകൂർ അനുമതിയില്ലാതെ താല്കാലികക്കാരെ നിയമിക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ലാത്തതിനാൽ ഇത്തരം നിയമനങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്തിരുവനന്തപുരം.

സെക്രട്ടറി/ചെയർപേഴ്സൺ, താനൂർ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ